**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2210 — 20.06.2012-ൽ മറുപടിക്ക്

**<u>ചേർത്തലയിലെ ജനങ്ങളെ മഴക്കാല രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മുൻകാലങ്ങളിൽ പകർച്ചവ്യാധികളും പകർച്ചപ്പനികളും പടർന്നുപിടിച്ച മേഖല എന്ന നിലയിൽ ചേർത്തലയിലെ ജനങ്ങളെ മഴക്കാല രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ; | എ) 'Weekly Vector Survey'-യും 'Source Reduction' പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കി. രോഗസാധ്യത കൂടുതലുള്ള മേഖലകളിൽ സ്പ്രേയിംഗ് നടത്തുകയും ഫീവർ സർവ്വേ ശക്തി പ്പെടുത്തുകയും ചെയ്തു. കൊതുകു ജന്യരോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണവും കാര്യക്ഷമ മാക്കിയിട്ടുണ്ട്. |
| ബി) ചേർത്തല താലൂക്കിലെ വിവിധ ആശുപത്രികളിൽ ആയതിന് വേണ്ടി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നും ഡോക്ടർമാർ, മറ്റ് സൗകര്യങ്ങൾ എന്നിവ അധികമായി ആയതിനുവേണ്ടി അനുവദിച്ചത് എത്ര വീതമെന്നും വിശദമാക്കുമോ ? | ബി) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 'District Rapid Response Team (RRT)' വിളിച്ചു കൂട്ടുകയും മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ചേർത്തല താലൂക്കിൽ മൊബൈൽ ഫീവർ ക്ലിനിക് ആരംഭിക്കുവാനും നിലവിലുള്ള ഫീവർ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ഇൻസെക്ടിസൈഡ് ഇംപ്രഗ്നേറ്റഡ് കൊതുകുവലകൾ ആശുപത്രികളിലെ ഐ.പി. വാർഡുകളിൽ ഉപയോഗിക്കു വാനും തീരുമാനിച്ചിട്ടുണ്ട്. രോഗികളുടെ പ്രത്യേക പരിശോധനയ്ക്ക് ഫീവർ വാർഡും, ഐസൊലേഷൻ വാർഡും സജ്ജീകരിച്ചിട്ടുണ്ട്.<br><br>ചേർത്തല താലൂക്കാശുപത്രിയിൽ ഡോക്ടർമാർ ഒ.പി. സമയത്തിനു പുറമേ ഉച്ചയ്ക്കുശേഷം 2 മണി മുതൽ രാത്രി 8 മണി വരെ ഇപ്പോൾ ഒ.പി.യിൽ സേവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ